# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 101** 28/11/2018-ൽ മറുപടിക്ക്

## പറമ്പിക്കുളം - ആളിയാർ കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ബാബു | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | പറമ്പിക്കുളം - ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പി.എ.പി കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിക്കാറുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു.<br>ഇതിനു പുറമെ കേരള വൈദ്യുതി ബോർഡും , കേരളജലസേചന വകുപ്പും, കേരളസർക്കാരും, പി.എ.പി കരാർ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയക്കുകയുണ്ടായിട്ടുണ്ട്. ഈ വർഷം കരാർ പ്രകാരം കേരളത്തിന് ലഭിച്ച വെള്ളത്തെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>**<u>മണക്കടവ് വിയർ</u>**<br>2018-19 ജലവർഷത്തിൽ മണക്കടവ് വിയറിൽ , കേരളം ആവശ്യപ്പെട്ടതനുസരിച്ച് വെള്ളം ലഭിച്ചു വരുന്നുണ്ട്. 2018 നവംബർ 15 വരെ 1852 എം.സി.എഫ്.ടി വെള്ളം മണക്കടവ് വിയറിൽ ലഭിച്ചിട്ടുണ്ട്. |
| ബി)ഈ വർഷം കരാർ പ്രകാരം ലഭിക്കേണ്ട വെള്ളം ലഭിച്ചിട്ടുണ്ടോ; ഈ വർഷം ലഭിച്ച വെള്ളത്തിന്റെ അളവ് സംബന്ധിച്ച വിശദാംശം നൽകുമോ ; | | |

**കേരള ഷോളയാർ**

കരാർ പ്രകാരം 2018 സെപ്റ്റംബർ 1-ാം തീയതി കേരളഷോളയാർ റിസർവ്വോയർ പൂർണ്ണ സംഭരണ നിരപ്പിലെത്തിച്ചിരുന്നു.

കരാർ പ്രകാരം സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ കേരള ഷോളയാർ റിസർവ്വോയർ ലെവൽ 2658 അടിയിൽ കുറയാതെ നിർത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018 നവംബർ 9 മുതൽ റിസർവ്വോയർ ലെവൽ 2658 അടിക്കു താഴെയായതിനെ തുടർന്ന് തമിഴ്‌നാട് ഷോളയാർ റിസർവ്വോയറിന്റെ PH2 വഴി കേരള ഷോളയാർ റിസർവ്വോയറിലേയ്ക്ക് വെള്ളം വിടാനും കരാർ അനുസരിച്ച് റിസർവ്വോയർ ലെവൽ നിലനിർത്താനും തമിഴ്‌നാട് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2018 നവംബർ 15 വരെ കേരള ഷോളയാർ പവർ ഹൗസിൽ 4023 എം.സി.എഫ്.ടി വെള്ളം ലഭിച്ചിട്ടുണ്ട്.

**നീരാർ**

ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനതു നീരൊഴുക്ക് കേരളത്തിന് അവകാശപ്പെട്ടതാണ്.

2018 നവംബർ 15 വരെ നീരാറിൽ നിന്നും കേരളത്തിന് 93 എം.സി.എഫ്.ടി വെള്ളം ലഭിച്ചിട്ടുണ്ട്.

സി) ഈ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

സി) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും , മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നുവെങ്കിലും , കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതു വരെ യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിന്റെ താത്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിന് ഊന്നൽ നൽകികൊണ്ട് തമിഴ്‌നാടുമായി തുടർചർച്ചകൾ നടത്തി മെച്ചപ്പെട്ട

ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാധ്യതകളാണ് സംസ്ഥാനം ആരായുന്നത്. ഏറ്റവും ഒടുവിൽ 19/01/2018-ന് തിരുവനന്തപുരത്ത് സെക്രട്ടറി തലത്തിൽ ചർച്ച നടന്നിരുന്നു. 02/05/2018-ന് ന്യൂഡൽഹിയിൽ, കേന്ദ്രജലകമ്മീഷൻ വിളിച്ച് ചേർത്ത കേരള-തമിഴ്നാട് സംസ്ഥാനങ്ങളുടെ കോൺഫറൻസിൽ, പറമ്പിക്കുളം - ആളിയാർ കരാർ പുനരവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുരവലോകന ചർച്ചകൾ പുനരാരംഭിക്കാനും, ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജലകമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുവാൻ കേരളം തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**